<u>**15 -ാം കേരള നിയമസഭ**</u>

<u>**7 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 392**</u> <u>**05-12-2022 - ൽ മറുപടിയ്ക്ക്**</u>

<u>**തദ്ദേശഭരണ സ്ഥാപനങ്ങളിലെ താൽക്കാലിക നിയമനങ്ങളിലെ അഴിമതി തടയാൻ നടപടി**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ , ഡോ. എം.കെ . മുനീർ , ശ്രീ. നജീബ് കാന്തപുരം, ശ്രീ. അബ്ദുൽ ഹമീദ് പി** | | **ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കരാർ - താൽക്കാലിക നിയമനങ്ങളിൽ അഴിമതിയും സ്വജനപക്ഷപാതവും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിലെ നിലവിലെ നിയമനരീതി എപ്രകാരമാണെന്ന് വിശദമാക്കുമോ; | (ബി) | റഗുലർ തസ്തികകളിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന സ്ഥിര നിയമനവും, റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്തപക്ഷം, മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് എംപ്ലോയ്മെന്റ് എക്സ് ചേഞ്ച്/ ദിവസവേതനം/ കരാർ അടിസ്ഥാനത്തിൽ, താത്കാലികനിയമനവും നടത്തിവരുന്നു. |
| (സി) | നിയമനങ്ങൾ നീതിയുക്തമാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (സി) | നിയമനരീതി നീതിയുക്തമാക്കുന്നതിന് കാലാകാലങ്ങളിൽ സർക്കാർ ഉത്തരവുകളിലൂടെ വ്യക്തമായ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ച് വരുന്നുണ്ട് . |
| (ഡി) | താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) | പി എസ് സി റാങ്ക് ലിസ്റ്റുകൾ നിലവിൽ ഇല്ലാത്ത റഗുലർ തസ്തികകളിൽ, എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേന നിയമനം നടത്തി വരുന്നു . |

സെക്ഷൻ ഓഫീസർ